# കേരള സർവകലാശാല

നം.പി.ആർ.29/2019

ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2018 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് ബയോകെമിസ്ട്രി, പോളിമർ കെമിസ്ട്രി, സുവോളജി എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ യഥാക്രമം 2019 ഫെബ്രുവരി 12, 14, 27 തീയതി മുതൽ അതതു കോളേജുകളിൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### വൈവ – വോസി

വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന എം.കോം (ഫൈനൽ) സപ്ലിമെന്ററി, എം.എസ്.സി മാത്തമാറ്റിക്സ് സപ്ലിമെന്ററി എന്നിവയുടെ വൈവ – വോസി പരീക്ഷകൾ 2019 ഫെബ്രുവരി 14 ന് രാവിലെ 10.00 മുതൽ സർവകലാശാലയുടെ പാളയത്തുള്ള എസ്.ഡി.ഇ കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്.

### ഡിഗ്രി സർട്ടിഫിക്കറ്റ് നാഡ് വെബ്സൈറ്റിൽ

സർവകലാശാലയിൽ നിന്നും 2003 ഏപ്രിൽ മുതൽ 2017 ജൂലൈ വരെയുള്ള കാലയളവിൽ ബിരുദാനന്തര ബിരുദ പരീക്ഷ പാസ്സായവരുടെ ഡിഗ്രി സർട്ടിഫിക്കറ്റ് നാഡ് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ഈ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി cvl.nad.co.in എന്ന നാഡ് വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന അക്നോളജ്മെന്റ് ഫോം, പി.ജി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, തിരിച്ചറിയൽ രേഖയുടെ പകർപ്പ് എന്നിവയുമായി 2003 – 2012 വർഷത്തിലുള്ളവർ 2019 ഫെബ്രുവരി 18, 19, 21, 22 തീയതികളിലും 2013 – 2017 വർഷത്തിലുള്ളവർ 2019 ഫെബ്രുവരി 23, 25, 26, 27, 28 തീയതികളിലും സർവകലാശാല പരീക്ഷാ കൺട്രോളർ ബിൽഡിംഗിൽ പ്രവർത്തിക്കുന്ന നാഡ് സെല്ലിനെ സമീപിക്കുക. വിശദവിവരങ്ങൾക്ക്: exams.keralauniversity.ac.in, www.nad.gov.in email: nad@keralauniversity.ac.in

### ടൈംടേബിൾ

ഒന്നും മൂന്നും സെമസ്റ്റർ (പഞ്ചവത്സരം) (2011 – 12 അഡ്മിഷന് മുൻപുള്ളത്) എൽ.എൽ.ബി പരീക്ഷകൾ യഥാക്രമം 2019 ഫെബ്രുവരി 27 നും മാർച്ച് 13 നും ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2018 ഒക്ടോബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗേജ് ആന്റ് ലിറ്ററേച്ചർ (റെഗുലർ/സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2019 ഫെബ്രുവരി 28 വരെ അപേക്ഷിക്കാം.

## ഓൺലൈൻ രജിസ്ട്രേഷൻ

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം 2015, 2016 അഡ്മിഷൻ വിദ്യാർത്ഥികളുടെ അഞ്ചാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2013 സ്കീം) മാർച്ച് 2019 (റെഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴ കൂടാതെ 2019 ഫെബ്രുവരി 16 വരെയും 50 രൂപ പിഴയോടെ ഫെബ്രുവരി 19 വരെയും 125 രൂപ പിഴയോടെ ഫെബ്രുവരി 21 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

2019 മാർച്ചിൽ നടക്കുന്ന നാലാം സെമസ്റ്റർ എം.എസ്സ് (2015 സ്കീം – റെഗുലർ & സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയ്ക്ക് പിഴ കൂടാതെ 2019 ഫെബ്രുവരി 13 വരെയും 50 രൂപ പിഴയോടെ ഫെബ്രുവരി 15 വരെയും 125 രൂപ പിഴയോടെ ഫെബ്രുവരി 18 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 മാർച്ചിൽ നടക്കുന്ന രണ്ടാം സെമസ്റ്റർ എം.എസ്സ് (2018 സ്കീം – റെഗുലർ & 2015 സ്കീം – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയ്ക്ക് പിഴ കൂടാതെ 2019 ഫെബ്രുവരി 18 വരെയും 50 രൂപ പിഴയോടെ ഫെബ്രുവരി 21 വരെയും 125 രൂപ പിഴയോടെ ഫെബ്രുവരി 23 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്ലേസ്മെന്റ് ഡ്രൈവ്

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ മോഡൽ കരിയർ സെന്റർ 2019 ഫെബ്രുവരി 16 ാം തീയതി രാവിലെ 9.30 മുതൽ തിരുവനന്തപുരം പി.എം.ജി യിലുളള സ്റ്റുഡൻസ് സെന്ററിലെ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ വച്ച് ഒരു സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുന്നു. ബിരുദധാരികളായ ഉദ്യോഗാർത്ഥികൾക്കായി അസിസ്റ്റന്റ് മാനേജർ തസ്തികയിലെ 80 ഒഴിവുകളിലേയ്ക്കും, പ്ലസ്ടു/തത്തുല്യ യോഗ്യതയുളളവർക്കായി സെയിൽസ് ഓഫീസറിന്റെ 50 ഒഴിവുകളിലേയ്ക്കുമായാണ് പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുന്നത്. പ്രായപരിധി: 26 വയസ്സ്. തിരുവനന്തപുരം ജില്ലയിലാണ് ഒഴിവുകൾ. പ്ലേസ്മെന്റ് ഡ്രൈവിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ 2019 ഫെബ്രുവരി 14 രാത്രി 12.00 മണിയ്ക്ക് മുൻപായി http://bit.ly/MCCDriveFeb2k19 എന്ന ലിങ്ക് വഴി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്ക് www.facebook.com/MCCTVM സന്ദർശിക്കുക. വിശദവിവരങ്ങൾക്ക്: 0471 – 2304577 എന്ന നമ്പറിൽ ഓഫീസ് പ്രവർത്തി സമയത്ത് ബന്ധപ്പെടുക.

## പിഎച്.ഡി നൽകി

ശാലിനി എസ്, ധന്യ ബി ചന്ദ്രൻ, വി.എസ് ശ്രീലക്ഷ്മി (എഡ്യൂക്കേഷൻ), ബാബു എൻ.എം (ഇംഗ്ലീഷ്), ടോം ആന്റണി (കൊമേഴ്സ്), റിയാസ് എ (മാത്തമാറ്റിക്സ്), ശ്രീബ എ.ബി (ഫിസിക്സ്) എന്നിവർക്ക് പിഎച്.ഡി നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

## പെൻഷൻകാരുടെ ശ്രദ്ധയ്ക്ക്

സർവകലാശാലയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർ 2018-19 സാമ്പത്തിക വർഷം ആദായ നികുതിയുടെ പരിധിയിൽ വരുന്നുണ്ടെങ്കിൽ 2019 ഫെബ്രുവരി 15 ാം തീയതിക്കകം നിർബന്ധമായും നിർദ്ദിഷ്ട ഫോർമാറ്റിൽ ആദായ നികുതി സ്റ്റേറ്റ്മെന്റും അനുബന്ധ രേഖകളും (ഇതുവരെ സമർപ്പിച്ചിട്ടില്ലെങ്കിൽ) പെൻഷൻ സെക്ഷനിൽ സമർപ്പിക്കണം. കൂടാതെ ആദായനികുതി ഇളവിനായി ഭവനവായ്പാതിരിച്ചടവ് രസീത് സമർപ്പിച്ചവരും, 80C യിൽ ഉൾപ്പെടുന്ന ടാക്സ് സേവിംഗ്സ് സ്കീമുകളിൽ ആദായ നികുതി ഇളവ് ലഭിക്കുന്നവരും 12 BB ഫോറം കൂടി നൽകേണ്ടതാണ്. സ്റ്റേറ്റ്മെന്റ്, 12 BB മാതൃകയും വിവരങ്ങളും www.kufinance.info എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പെൻഷൻനമ്പരും ജനനത്തീയതിയും ഉപയോഗിച്ച് പെൻഷൻ സ്പോട്ട് സൈറ്റിൽ ലോഗിൻ ചെയ്ത് വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

തിരുവനന്തപുരം.
08.02.2019



പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098